"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി വികസനം — പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് — പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് 1 2 മാസത്തേക്ക് അനുവദിക്കുന്നത് — അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.605/2026/SCSTD തീയതി,തിരുവനന്തപുരം, 21-08-2026

---

പരാമർശം:-
1. 16.05.2026-ലെ സ.ഉ.(അച്ചടി) നം.12/2026/പജപവവിവ
2. 25.07.2026തീയതിയിലെ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ SCDD/3401/2022-B1 (EDN B) നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ഹോസ്റ്റൽ ഫീസ് ക്ലെയിം ചെയ്യാവുന്ന പരമാവധി കാലയളവ് 10 മാസമായി പരാമർശം (1) ലെ ഉത്തരവ് പ്രകാരം നിജപ്പെടുത്തിയിരുന്നു . പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് പലപ്പോഴും 12 മാസം ഹോസ്റ്റലിൽ താമസിച്ച് പഠിക്കേണ്ട സാഹചര്യമുള്ളതിനാൽ, അത്തരം വിദ്യാർത്ഥികൾക്ക് 12 മാസത്തെ ഹോസ്റ്റൽ ഫീസ് അനുവദിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .പ്രൊഫഷണൽ കോഴ്സുകളിൽ പഠനം നടത്തുന്നതും 12 മാസത്തെ ഹോസ്റ്റലിൽ പഠിക്കേണ്ട സാഹചര്യമുള്ളതുമായ വിദ്യാർത്ഥികൾക്ക്, സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ, 12 മാസത്തെ ഹോസ്റ്റൽ ഫീസ് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.



File No. SCDD/3401/2022-B1 (EDN B) (Computer No. 16719)
Generated from eOffice by RAJAKAN T, B1 ( EDN B ) SCDD, B1 (EDN B) SCDD, SC DIRECTORATE on 22/09/2026 12:24 PM

ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
സ്റ്റോക്ക് ഫയൽ.